പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 1884</u>

<u>07.03.2017 ൽ മറുപടിക്ക്</u>

## ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം വിമാനത്താവളം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്: | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം വിമാനത്താവളം നിർമ്മിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; | (എ) യും (ബി) യും (സി) യും | ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21.02.2017 ലെ ഉത്തരവ് പ്രകാരം തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) നെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരുമായി ചർച്ച നടത്തുകയോ വിമാനത്താവളം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുകയോ ചെയ്തിട്ടില്ല. |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാരുമായി ചർച്ച നടത്തുകയോ ധാരണയുണ്ടാക്കുകയോ ചെയ്തിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ; | | |
| (സി) വിമാനത്താവളം നിർമ്മിക്കാൻ സ്ഥലം കണ്ടെത്തുന്നതിന് എന്തെങ്കിലും ശ്രമം നടന്നിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ